**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം കൊച്ചി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി മിനിമോൾ ആർ ബഹു. ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.(ഇ,കെ.എം) 1036/2018 നമ്പർ കേസിൽ 25/05/2018 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2872/2018/തസ്വഭവ  തീയതി, തിരുവനന്തപുരം, 09.11.2018

---

പരാമർശം :

1. കൊച്ചി നഗരസഭയിൽ സൂപ്രണ്ട് ആയ ശ്രീമതി മിനിമോൾ ആർ സർക്കാരിൽ സമർപ്പിച്ച 20.04.2018 തീയതിയിലെ നിവേദനം (Annexure A12).
2. ശ്രീമതി മിനിമോൾ ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇ,കെ.എം) 1036/2018 നമ്പർ കേസിൽ 25/05/2018 തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 09.10.2018 തീയതിയിലെ ഇ 3-11716/18 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി മിനിമോൾ ആർ സൂചന 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം 09.11.1989 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച താൻ 19.12.1991ൽ ടി തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി 1994 ഡിസംബറിൽ എല്ലാ വകുപ്പ്തല പരീക്ഷകളും വിജയിച്ചിരുന്നെങ്കിലും 25.04.1998 ൽ മാത്രമാണ് യു.ഡി.ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതെന്നും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ആനുകൂല്യത്തിന്റേയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ അർഹതപ്പെട്ട ഉദ്യോഗക്കയറ്റം മുൻകാലപ്രാബല്യത്തിൽ (20.12.1991 തീയതി) അനുവദിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി മിനിമോൾ ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.(ഇ,കെ.എം) 1036/2018 നമ്പർ കേസിൽ പരാമർശം 2 ലെ ഉത്തരവിൽ ശ്രീമതി മിനിമോൾ ആർ സമർപ്പിച്ച അനക്ഷർ എ 12 അപേക്ഷ, അനക്ഷർ എ 8, അനക്ഷർ എ 10 സർക്കാർ ഉത്തരവുകളുടേയും ബഹു. ഹൈക്കോടതിയുടെ അനക്ഷർ എ 11 വിധിയുടേയും വെളിച്ചത്തിൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. പരാമർശം 3 പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 2/11/1989 ലെ SRI(3) 1155/ 85/SW നമ്പർ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 09/11/1989 ലെ B8-

2595/89 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നൽകപ്പെട്ട ശ്രീമതി മിനിമോൾ ആർ 23/11/1989 തീയതിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. ടിയാരിയുടെ ടി തസ്തികയിലെ പ്രൊബേഷൻ നഗരകാര്യ ഡയറക്ടറുടെ 16/11/1995 ലെ B7-35/95 നമ്പർ ഉത്തരവ് പ്രകാരം 19/12/1991 പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി ഉത്തരവായിട്ടുള്ളതാണ്. പരാതിക്കാരി 1994 ഡിസംബറിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസ്സായിട്ടുള്ളതും തുടർന്ന് നഗരകാര്യ ഡയറക്ടറുടെ 25/04/1998 ലെ B7-5685/97 നമ്പർ ഉത്തരവ് പ്രകാരം യു.ഡി. ക്ളർക്കായി ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടിയാൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിയാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 13 A(1)(a), 13A(2) എന്നിവയിലേയും സർക്കാരിന്റെ 03/03/2012 ലെ ജി.ഒ.(പി) 14/2012/പി.ആന്റ് എ.ആർ.ഡി നമ്പർ ഉത്തരവിലേയും സർക്കാരിന്റെ 26/02/2012 ലെ 8130/2010/P& ARD നമ്പർ സർക്കുലറിലേയും വ്യവസ്ഥകൾ പ്രകാരം ടിയാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി പ്രാബല്യത്തിൽ യു.ഡി.ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുനക്രമീകരിച്ച് നൽകുന്നതിനാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3. 26/02/2012 ലെ 8130/2010/P& ARD സർക്കുലർ പ്രകാരവും KS& SSR ഭാഗം II ചട്ടം 13 A(1)(a), 13A(2) എന്നിവ പ്രകാരവും പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടാത്ത എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ടി ജീവനക്കാർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ യഥാസമയം നേടിയിരുന്നു എങ്കിൽ ഉദ്യോഗക്കയറ്റം ലഭിക്കാമായിരുന്ന തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് താൽക്കാലിക ഇളവിന് അർഹതയുണ്ടെന്നും അപ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുന്ന ജീവനക്കാർ 3 വർഷത്തിനകം ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടില്ലെങ്കിൽ ടി ജീവനക്കാരെ തരം താഴ്ത്തുന്നതായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും മേൽ പ്രകാരമുള്ള സാധ്യതകൾ ടി വിഷയത്തിൽ ഉണ്ടായിട്ടില്ലാത്തതാണ്. കൂടാതെ നിലവിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ ശ്രീമതി മിനിമോൾ ആർ -നേക്കാൾ ജൂനിയറായ ജീവനക്കാർക്ക് ആർക്കും തന്നെ ടിയാരിക്ക് യു.ഡി. ക്ളർക്കായി ഉദ്യോഗക്കയറ്റം നൽകിയതിന് മുമ്പ് യു.ഡി. ക്ളർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

4. മേൽ വസ്തുതകൾ പരിഗണിച്ച് അപേക്ഷകയ്ക്ക് എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് ഇളവ് അനുവദിക്കുന്ന കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 13 എ(1), 13 എ(2) എന്നിവയിലേയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ യു.ഡി. ക്ളർക്ക് തസ്തികയിലേയ്ക്ക് അനുവദിച്ച ഉദ്യോഗക്കയറ്റത്തിന് 19/12/1991 മുതൽ പ്രാബല്യം അനുവദിക്കണമെന്ന് അപേക്ഷ പരിഗണിക്കുന്നതിന് നിർവ്വാഹമില്ലായെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങളുടേയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സീനിയോറിറ്റിയുടേയും വകുപ്പുതല പരീക്ഷകൾ നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിൽ പ്രസ്തുത പരീക്ഷ വിജയിക്കണമെന്നതുൾപ്പെടെയുള്ള മറ്റു യോഗ്യതകളുടേയും അടിസ്ഥാനത്തിലാണ് സ്ഥാനക്കയറ്റങ്ങൾ അനുവദിക്കാറുള്ളത്. കെ.എസ്.& എസ്.എസ്.ആർ ഭാഗം 2 ചട്ടം 13 എ പ്രകാരം 01.01.1986-ന ശേഷം സർവ്വീസിൽ പ്രവേശിച്ച് വകുപ്പുതല പരീക്ഷ(പ്രമോഷൻ ടെസ്റ്റ്)വിജയിക്കാത്ത പട്ടികജാതി

പട്ടിക വർഗ്ഗ വിഭാഗക്കാരായ ഉദ്യോഗസ്ഥർക്ക് മറ്റുതരത്തിൽ യോഗ്യരാണെങ്കിൽ താത്കാലികമായി പ്രൊമോഷൻ നൽകുവാനും, ഇപ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർ നിശ്ചിത 3 വർഷത്തിനുള്ളിൽ പ്രൊമോഷൻ ടെസ്റ്റ് പാസ്സായില്ലെങ്കിൽ പ്രൊമോഷൻ ലഭിച്ച് 3 വർഷം തികയുന്ന ദിവസം മുതൽ പ്രാബല്യത്തിൽ റിവർട്ട് ചെയ്യേണ്ടതാണെന്നും എന്നും വ്യവസ്ഥയുണ്ട്.

6. ഈ കേസിൽ ശ്രീമതി മിനിമോൾ ആർ- നേക്കാൾ ജൂനിയറായ ജീവനക്കാർക്ക് ആർക്കുംതന്നെ ടിയാരിക്ക് യു.ഡി ക്ലാർക്ക് ആയി ഉദ്യോഗക്കയറ്റം നൽകിയതിന് മുൻപ് യു.ഡി ക്ലാർക്ക് ആയി ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നതിൽ നിന്നും ടിയാളുടെ ജൂനിയറിന് സ്ഥാനക്കയറ്റം നൽകിയ സമയത്ത് ശ്രീമതി മിനിമോളെ സ്ഥാനക്കയറ്റത്തിൽ നിന്നും വകുപ്പുതല പരീക്ഷ വിജയിക്കാത്ത കാരണത്താൽ മാറ്റി നിർത്തിയതായോ കെ.എസ് &എസ്.എസ്.ആർ ഭാഗം 11 ചട്ടം 13 എ യുടെ ആനുകൂല്യം നിഷേധിച്ചതായോ കണക്കാക്കാനാകില്ല. അതിനാൽ ശ്രീമതി മിനിമോൾക്ക് യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് അനുവദിച്ച ഉദ്യോഗക്കയറ്റത്തിന് 19.12.1991 മുതൽ മുൻകാല പ്രാബല്യം അനുവദിക്കണമെന്ന് അപേക്ഷ പരിഗണനാർഹമല്ലെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി മിനിമോൾ ആർ-ന്റെ അനക്ഷർ എ 12 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി മിനിമോൾ ആർ, സൂപ്രണ്ട്, കൊച്ചി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ